## മഹാത്മാഗാന്ധി സർവ്വകലാശാല
(സംഗ്രഹം)

സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ്, കോട്ടയത്തിന്റെ കീഴിലുള്ള പുതിയ സ്വാശ്രയ കോളേജുകൾക്ക് 2017-18 അദ്ധ്യയന വർഷം താൽക്കാലിക അഫിലിയേഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

അക്കാദമിക് എ1 വിഭാഗം

നം.3461/എ1/2017/അക്കാദമിക് — തീയതി, പ്രിയദർശിനി ഹിൽസ്, 09.06.2017

----------------------------------------------------------

പരാമർശം: 1. സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ്, കോട്ടയം, സമർപ്പിച്ച 21 പുതിയ സ്വാശ്രയ കോളേജുകളുടെ അഫിലിയേഷനുള്ള അപേക്ഷകൾ.

2. 2017 മെയ് 26-ാം തീയതി കൂടിയ സർവ്വകലാശാലാ സിൻഡിക്കേറ്റ് ഉപസമിതിയുടെ (അഫിലിയേഷൻ ആന്റ് അപ്രൂവൽ) O.A.5 ഇനം പ്രകാരമുള്ള തീരുമാനം.

### ഉത്തരവ്

സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ്, കോട്ടയം, 21 പുതിയ സ്വാശ്രയ കോളേജുകളുടെ, 2017-18 അദ്ധ്യയന വർഷത്തെ അഫിലിയേഷനുവേണ്ടി പരാമർശം (1) പ്രകാരം, അപേക്ഷകൾ സമർപ്പിച്ചു. മഹാത്മാഗാന്ധി സർവ്വകലാശാല നേരിട്ടു നടത്തിക്കൊണ്ടിരുന്ന യൂണിവേഴ്സിറ്റി കോളേജ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, യൂണിവേഴ്സിറ്റി കോളേജ് ഓഫ് അപ്ലൈഡ് സയൻസസ്, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ് എന്നീ സ്ഥാപനങ്ങളിലെ വിവിധ പ്രോഗ്രാമുകൾ അതാതു വിഷയങ്ങളുമായി ബന്ധപ്പെട്ട് കേരള ആരോഗ്യ സർവ്വകലാശാല, എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല എന്നിവയിൽ അഫിലിയേറ്റ് ചെയ്യേണ്ട തുകൊണ്ടും സർവ്വകലാശാല നേരിട്ടു നടത്തിവരുന്ന മറ്റു സ്വാശ്രയ സ്ഥാപനങ്ങളുടേയും പ്രോഗ്രാമുക ളുടേയും നടത്തിപ്പ്, 07/04/2017-ലെ സിൻഡിക്കേറ്റ് തീരുമാന പ്രകാരം സർക്കാർ ഉത്തരവ് G.O.(MS)No.101/2017/H.Edn. dated, 06.04.2017 പ്രകാരം. രൂപീകരിച്ചിട്ടുള്ള സൊസൈറ്റിക്ക് (സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ്, കോട്ടയം) കൈമാറ്റം ചെയ്തതിനാലും ടി സൊസൈറ്റിയുടെ കീഴിലുള്ള സ്ഥാപനങ്ങൾ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യുന്നതിനു വേണ്ടി സമർപ്പിച്ച 21 അപേക്ഷകൾ സിൻഡിക്കേറ്റ് ഉപസമിതി (അഫിലിയേഷൻ ആന്റ് അപ്രൂവൽ) പരിശോധിക്കുകയും പരാമർശം (2) പ്രകാരം, താഴെ പറയുന്ന ശുപാർശകൾ നൽകുകയും ചെയ്തു.

സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 1997, അദ്ധ്യായം 23, സ്റ്റാറ്റ്യൂട്ട് 1 അനുസരിച്ച് 2017-18 അദ്ധ്യയന വർഷം തുടങ്ങേണ്ട കോളേജുകളുടെ അഫിലിയേഷനുള്ള അപേക്ഷകൾ 2016 ആഗസ്റ്റ് 31-ന് മുൻപ് ലഭിക്കേണ്ടതായിരുന്നുവെങ്കിലും ഈ സർവ്വകലാശാലയുടെ ഉടമസ്ഥതയിൽ നടത്തി വന്നിരുന്ന കോളേജുകളുടെ തുടർച്ചയായ നടത്തിപ്പിനു വേണ്ടി സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച സൊസൈറ്റി ആയതുകൊണ്ടും സൊസൈറ്റി രൂപീകരണം വൈകിയതുകൊണ്ടും സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 1997, അദ്ധ്യായം 23 , സ്റ്റാറ്റ്യൂട്ട് 6(1) പ്രകാരം 2017-18 അദ്ധ്യയന വർഷത്തിലേക്കുള്ള അഫിലിയേഷൻ അപേക്ഷകൾ 2017 മേയ് 31 വരെ സിൻഡിക്കേറ്റിന് പരിഗണിക്കാമെന്നതിനാലും മേൽ പരാമർശം സൊസൈറ്റി നൽകിയിട്ടുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി കാലതാമസത്തിന് പിഴയായി ചുമത്തേണ്ട ഫീസ് ഒഴിവാക്കി മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റ്യാറ്റ്യൂട്ട് അദ്ധ്യായം 23 സ്റ്റ്യാറ്റ്യൂട്ട് 6 പ്രകാരം അഫിലിയേഷൻ നൽകാൻ ശുപാർശ ചെയ്തു.

അപേക്ഷകൾ നൽകിയിട്ടുള്ള സ്ഥാപനങ്ങളെല്ലാം സർവ്വകലാശാലയുടെ ഉടമസ്ഥതയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതിനാൽ അവയുടെ പഠന-ഭൗതിക സൗകര്യങ്ങളെക്കുറിച്ച് സർവ്വകലാ

ശാലയ്ക്ക് വ്യക്തമായ അറിവുള്ളതുകൊണ്ട്, പഠന – ഭൗതിക് സൗകര്യങ്ങൾ വീണ്ടും വിലയിരുത്തുന്നതിന് മറ്റ് പരിശോധനകൾ ആവശ്യമില്ല എന്നത് കൊണ്ടും, ഈ സ്ഥാപനങ്ങളിൽ സർവ്വകലാശാല നേരിട്ടു നടത്തിവന്നിരുന്ന പ്രോഗ്രാമുകളാണ് തുടർന്നും നടത്തുന്നത് എന്നതുകൊണ്ടും ഈ പ്രോഗ്രാമുകൾക്ക് അഫിലിയേഷൻ നൽകുന്നതുവഴി പരിക്ഷാ ജോലി ഉൾപ്പെടെ സർവ്വകലാശാലയ്ക്ക് അധിക ജോലി ഭാരം വരുന്നില്ല എന്ന വസ്തുത പരിഗണിച്ചും സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച സൊസൈറ്റി ആയതിനാലും അതിന്റെ ഭരണ സമിതിയിൽ സർക്കാരിന്റെയും സർവ്വകലാശാലയുടെയും പ്രതിനിധികൾ ഉൾപ്പെടുന്നതുകൊണ്ടും ഈ സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ നൽകുന്നത് സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം വീണ്ടും തേടേണ്ടതില്ല എന്നും സിൻഡിക്കേറ്റ് ഉപസമിതി ശുപാർശ ചെയ്തു.

എഞ്ചിനിയറിംഗ് പ്രോഗ്രാമുകൾക്ക് പുതിയ അഫിലിയേഷൻ നൽകേണ്ടത് എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല ആണെങ്കിലും ഈ വർഷം ആ സർവ്വകലാശാലയിൽ നിന്നും അഫിലിയേഷൻ നൽകാൻ കഴിയില്ലയെന്ന് എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ സർവ്വകലാശാല 24/05/2017-ലെ KTU/A/456/2015 നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുള്ളതിനാൽ ടി സൊസൈറ്റിയുടെ എഞ്ചിനിയറിംഗ് കോളേജുകൾക്കും പ്രോഗ്രാമുകൾക്കും ഈ സർവ്വകലാശാലയിൽ 2017-18 വർഷത്തേക്ക് അഫിലിയേഷൻ നൽകാൻ ശുപാർശ ചെയ്തു.

മേൽ കാര്യങ്ങളെല്ലാം പരിഗണിച്ച് സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ്, കോട്ടയത്തിന്റെ കീഴിൽ വരുന്ന ഒപ്പം ചേർത്തിരിക്കുന്ന ലിസ്റ്റിലെ 21 കോളേജുകൾക്കും അവയിലെ പ്രോഗ്രാമുകൾക്കും 2017-18 വർഷത്തേക്ക് സ്വാശ്രയ മേഖലയിൽ താൽകാലിക അഫിലിയേഷൻ നൽകുവാൻ സിൻഡിക്കേറ്റ് ഉപസമിതി ശുപാർശ ചെയ്തു. ടി അഫിലിയേഷൻ ഓരോ വർഷവും നിയമ പ്രകാരം പുതുക്കി വാങ്ങേണ്ടതാണ്. റഗുലേറ്ററി അതോറിറ്റികൾ ഉള്ള പ്രോഗ്രാമുകൾക്ക് ടി അതോറിറ്റികളുടെ അംഗീകാരത്തിന് വിധേയമായിട്ട് അഫിലിയേഷൻ നൽകുവാനും ക്ലാസുകൾ നടത്താൻ അനുവദിക്കാനും ശുപാർശ ചെയ്തു.

| Sl.No | Educational Agency | Name of the College | courses with intake |
|---|---|---|---|
| 1. | Centre for Professional and Advanced Studies (CPAS) | School of Medical Education, SME Campus, Gandhinagar, Villoonni, Kottayam. | • M.Sc. Medical Anatomy (10)<br>• M.Sc. Medical Bio-Chemistry (25)<br>• M.Sc. Medical Bio-Medical Instrumentation (20)<br>• M.Sc. Medical Documentation (25)<br>• M.Sc. Medical Microbiology (20)<br>• MHA (25)<br>• MPH (20) |
| 2. | Centre for Professional and Advanced Studies (CPAS) 0481-2732948 | Institute of Library and Information Science, SME Campus, Gandhinagar, Villoonni, Kottayam. | • B.LiSc-(50)<br>• M.LiSc (30) |
| 3. | Centre for Professional and Advanced Studies (CPAS) | Institute of Communications and Journalism, SME Campus, Gandhinagar, Villoonni, Kottayam | • Master of Arts in Journalism and Mass Communication (MAJMC) (30) |

| | | | |
|---|---|---|---|
| | | | |
| 4. | Centre for Professional and Advanced Studies (CPAS) | College of Engineering, Muttom, Thodupuzha, Idukki. | • B.Tech. Electrical & Electronics Engineering (66)<br>• B.Tech. Electronics & Communication Engineering (66)<br>• B.Tech. Computer Science and Engineering (66)<br>• B.Tech. Polymer Engineering (66)<br>• B.Tech. Information Technology (66)<br>• M.Tech. Applied Electronics (36) |
| 5. | Centre for Professional and Advanced Studies (CPAS) | School of Technology & Applied Sciences, Pullarikkunnu, Perumbaikkadu, Kottayam. | • B.Sc. Computer Science (40)<br>• B.Sc. Cyber Forensic (30)<br>• B.Tech. Polymer Engineering (30)<br>• MCA (30) |
| 6. | Centre for Professional and Advanced Studies (CPAS) | School of Applied Life Sciences Pathanamthitta, Chuttippara, Pathanamthitta. | • M.Sc. Fishery Biology and Aquaculture (25) |
| 7. | Centre for Professional and Advanced Studies (CPAS) | College of Arts & Commerce, Chuttippara, Pathanamthitta. | • B.Com. Finance & Taxation (50)<br>• B.Com. Computer Applications (50) |
| 8. | Centre for Professional and Advanced Studies (CPAS) | School of Technology & Applied Sciences, Chuttippara, Pathanamthitta. | • B.Sc. Computer Science (50)<br>• B.Sc. Cyber Forensic (30)<br>• M.Sc. Computer Science (30)<br>• MCA (30) |
| 9. | Centre for Professional and Advanced Studies (CPAS) | College of Technology & Applied Sciences, Edappally, Edappally North, Cochin | • B.Sc. Computer Science (50)<br>• B.Sc. Cyber Forensic (30)<br>• B.Sc. Electronics (50)<br>• M.Sc. Computer Science (30)<br>• M.Sc. Applied Electronics (30)<br>• MCA (30) |
| 10 | സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ്(CPAS), കോട്ടയം | കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കുടമാളൂർ | ബി.എഡ് (50 സീറ്റ്) |
| 11 | സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ്(CPAS), കോട്ടയം | കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കാഞ്ഞിരപ്പള്ളി | ബി.എഡ് (50 സീറ്റ്) |

| | | | |
|---|---|---|---|
| 12 | സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ്(CPAS), കോട്ടയം | കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കുമിളി | ബി.എഡ് (50 സീറ്റ്) |
| 13 | സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ്(CPAS), കോട്ടയം | കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, മൂവാറ്റുപുഴ | ബി.എഡ് (50 സീറ്റ്) |
| 14 | സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ്(CPAS), കോട്ടയം | കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തോട്ടയ്ക്കാട് | ബി.എഡ് (50 സീറ്റ്) |
| 15 | സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ്(CPAS), കോട്ടയം | കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, പായിപ്പാട് | ബി.എഡ് (50 സീറ്റ്) |
| 16 | സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ്(CPAS), കോട്ടയം | കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, നെടുങ്കണ്ടം | ബി.എഡ് (50 സീറ്റ്) |
| 17 | സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ്(CPAS), കോട്ടയം | കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, ഇലന്തൂർ | ബി.എഡ് (50 സീറ്റ്) |
| 18 | സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ്(CPAS), കോട്ടയം | കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, വൈക്കം | ബി.എഡ് (50 സീറ്റ്) |
| 19 | സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ്(CPAS), കോട്ടയം | കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തൊടുപുഴ | ബി.എഡ് (50 സീറ്റ്) |

| | | | |
|---|---|---|---|
| 20 | സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ്(CPAS), കോട്ടയം | കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, ഈരാറ്റുപേട്ട | ബി.എഡ് (50 സീറ്റ്) |
| 21 | സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ്(CPAS), കോട്ടയം | കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തൃപ്പൂണിത്തുറ | ബി.എഡ് (50 സീറ്റ്) |

അഫിലിയേഷൻ ആന്റ് അപ്രൂവൽ സംബന്ധിച്ച സിൻഡിക്കേറ്റ് ഉപസമിതിയുടെ മേൽ തീരുമാനം മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം അർപ്പിതമായ സിൻഡിക്കേറ്റിന്റെ അധികാരം ഉപയോഗിച്ച് വൈസ് ചാൻസിലർ അംഗീകരിക്കുകയും ചെയ്തു.

തദനുസരണം, മേൽ സൂചിപ്പിച്ചിട്ടുള്ള 21 കോളേജുകൾക്ക് (സ്വാശ്രയ മേഖലയിൽ) 2017-18 അദ്ധ്യയന വർഷം താഴെപ്പറയുന്ന വ്യവസ്ഥകൾക്കനുസരിച്ച് താല്ക്കാലിക അഫിലിയേഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഈ ഉത്തരവ് പ്രകാരമുള്ള താല്ക്കാലിക അഫിലിയേഷൻ 2017-18 അദ്ധ്യയന വർഷത്തേയ്ക്ക് മാത്രമാണ്. ടി അഫിലിയേഷൻ ഓരോ വർഷവും നിയമപ്രകാരം പുതുക്കി വാങ്ങേണ്ടതാണ്.

2. റഗുലേറ്ററി അതോറിറ്റിയുള്ള പ്രോഗ്രാമുകൾക്ക് ടി അതോറിറ്റിയുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് അഫിലിയേഷൻ നൽകിയിരിക്കുന്നത്. ക്ലാസ്സുകൾ നടത്തുന്നതും ടി അതോറിറ്റിയുടെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കണം.

3. സർവ്വകലാശാലാ നിയമങ്ങളും കാലാകാലങ്ങളിൽ സർവ്വകലാശാല പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും സത്യസന്ധമായി പാലിച്ചുകൊള്ളാമെന്നുള്ള സമ്മത പത്രം പ്രിൻസിപ്പലിന്റെ ഒപ്പോടു കൂടി ഓരോ കോളേജിനും പ്രത്യേകം പ്രത്യേകമായി വിദ്യാഭ്യാസ ഏജൻസി നൽകേണ്ടതാണ്.

4. ഓരോ കോളേജും നിശ്ചിത നിരക്കിലുള്ള കോളേജ് അഫിലിയേഷൻ ഫീസും കോഴ്സ് അഫിലിയേഷൻ ഫീസും ഒടുക്കേണ്ടതാണ്.

5. സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട് 1997, അദ്ധ്യായം 23, സ്റ്റാറ്റ്യൂട്ട 23 നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഫൈനാൻഷ്യൽ ഗ്യാരണ്ടി ഓരോ കോളേജും വയ്ക്കേണ്ടതാണ്.

6. ഓരോ കോളേജിലെയും 50% സീറ്റുകളിലേയ്ക്ക് മാനേജ്മെന്റിന് മെറിറ്റ് അനുസരിച്ച് പ്രവേശനം നടത്താവുന്നതും ബാക്കിയുള്ള 50% സീറ്റുകളിൽ സംവരണ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് സർവ്വകലാശാല/സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന/നിശ്ചയിക്കുന്ന രീതിയിൽ മെറിറ്റ് പാലിച്ചുകൊണ്ട് പ്രവേശനം നൽകേണ്ടതുമാണ്.

7. വിദ്യാഭ്യാസ ഏജൻസിയോ പ്രിൻസിപ്പലോ അവർക്കു വേണ്ടി മറ്റാളുകളോ വിദ്യാർത്ഥി പ്രവേശനത്തിന് വേണ്ടിയോ നിയമനങ്ങൾക്ക് വേണ്ടിയോ യാതൊരു വിധത്തിലുള്ള സംഭാവനകളും ചോദിക്കുവാനോ വാങ്ങുവാനോ പാടില്ല.

8. കോഴ്സുകൾ നടത്തേണ്ടതു സർവ്വകലാശാല അംഗീകരിച്ച സ്കീമും സിലബസും പ്രകാരമായിരിക്കണം. കോളേജുകളുടെ പ്രിൻസിപ്പൽമാർ, അനുവദിച്ച സീറ്റുകളിലേയ്ക്കു മാത്രമേ പ്രവേശനം നടത്താവൂ. വിദ്യാർത്ഥികളെ, സർവ്വകലാശാലാ നിയമ പ്രകാരം പരീക്ഷയ്ക്കു തയ്യാറാക്കുകയും അഫിലിയേഷൻ അനുവദിച്ച കോഴ്സിലേയ്ക്ക് തന്നെ പരീക്ഷയ്ക്ക് ഇരുത്തുകയും വേണം.

9. ഓരോ കോളേജും വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ്, വിദ്യാർത്ഥികളുടെ അഫിയേഷൻ ഫീസ്, കായിക അഫിയേഷൻ ഫീസ്, വിദ്യാർത്ഥി ക്ഷേമനിധി, സർവ്വകലാശാലാ യൂണിയൻ ഫീസ്, വിദ്യാർത്ഥിയുടെ ഇൻഷൂറൻസ് പ്രീമിയം മുതലായവ സർവ്വകലാശാല നിശ്ചയിക്കുന്നതനുസരിച്ച് വിദ്യാർത്ഥി പ്രവേശനം അവസാനിച്ച് 30 ദിവസത്തിനുള്ളിൽ സർവ്വകലാശാലയിൽ ഒടുക്കേണ്ടതാണ്.

മേൽപ്പറഞ്ഞ വ്യവസ്ഥകൾക്കും സർവ്വകലാശാലാ നിയമങ്ങൾക്കും വിധേയമായിട്ടായിരിക്കണം കോഴ്സ് നടത്തേണ്ടത്. അല്ലാത്ത പക്ഷം കോളേജിന്റെ/കോഴ്സിൻെറ അഫിലിയേഷൻ പിൻവലിക്കുന്നതായിരിക്കും.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
രമേഷ് രാഘവൻ
അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക വിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ്, കോട്ടയം,
2. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർക്ക്
3. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി)
4. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി)
5. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
6. രജിസ്ട്രാർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ്/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
7. ഡയറക്ടർ, സ്റ്റുഡന്റ് സർവ്വീസസ്/സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ
8. ജെ.ആർ (ഭരണം/പരീക്ഷ/ഫിനാൻസ്)
9. ഡി.ആർ/എ.ആർ (പരീക്ഷാ/അക്കാദമിക്/ഭരണം/സ്വാശ്രയം)
10. എസി.എ 7 സെക്ഷൻ (1 മുതൽ 9 വരെയുള്ള കോളേജുകളുടെ തുടർ നടപടികൾക്കായി)
11. എസി.എ5/6/8/എസി.എൽ/ലീഗൽ/ഇലക്ഷൻ/എസി.ഡി/എസ്.സി. എസ്.ടി സെൽ/എസി.ബി6/ എസി.ബി7/ സ്വാശ്രയ സെക്ഷനുകൾ
12. ഇ.എ/ഇ.ബി/സി.റ്റി. & ഡി സെക്ഷനുകൾ/മോണിറ്ററിംഗ് സെൽ
13. തപാൽ(പൊതു/പരീക്ഷാ)/ഡെസ്പാച്ച് (പൊതു/പരീക്ഷാ)/കോൺഫിഡൻഷിയൽ ഡെസ്പാച്ച്
14. പി.ആർ.ഒ/കൺൻെറൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
15. എസി.സി/എൻക്വയറി/ഇൻഫർമേഷൻ സെൻററുകൾ
16. ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനുകൾക്ക്
17. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എസി.എ1/3/8467/2017/അക്കാദമിക്